


# JFKMVHSS

## AYANIVELIKULANGARA

# OUR INSPIRATION



SREEKUMAR KANNAMPALLIL

## MESSAGE FROM OUR GUIDING LIGHT



MAYA SREEKUMAR

*It is with great pleasure that I welcome you all to the 2018-19 school year.*

*Truly it is an honour to lead such a great staff that devotes their lives to educating pupils.*

*This digital magazine of our school is a Mile stone that makes our growth and unfolds our imagination.*

*I wish you all success and my heart felt wishes for the digital magazine and the editors.*


പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഐ ടി കൂട്ടമായ
ലിറ്റൽ കൈറ്റ്സ്, (ജെ എഫ് കെ എം വി എച്ച് എസ്
എസ് യൂണിറ്റ് ) പുറത്തിറക്കുന്ന ഡിജിറ്റൽ
മാഗസിനായ കെ.മിററിനു എന്റെ എല്ലാവിധ
ആശംസകളും നേരുന്നു.
MURSHID.A.M
SCHOOL IT COORDINATOR

# EDITORIAL

This is a time of great changes. In education too we see fast changes.

The student today is an individual, is a real person with feelings of self-respect, sensitivity, responsibility and compassion. We need to recognize, appreciate, applaud and foster the fine blend of sensibilities in a child – and thus this K,MIRROR is to be viewed as a launch pad for the children's creative urges to blossom naturally. As the saying goes, mind like parachute works best when opened. This humble initiative is to set the budding minds free allowing them to roam free in the realm of imagination and experience to create a world of a world of beauty in words.

This school attains its eminence in the first place through the achievement of children. This has been given enough print space in the K.MIRROR. This also espouses the School spirit which is built up within the school through the collective actions ,thoughts and aspirations. All these, I believe would spur higher growth and enterprise in children.

My thanks are due to the Principal, editorial board, students and teachers to have been of immense help in breathing life into these pages.

EDITORIAL BOARD

# ആമുഖം

കുട്ടികളുടെ സർഗാത്മകമായ കഴിവുകളെ നൂതന സാങ്കേതിക
വിദ്യയുടെ
സഹായത്തോടെ കുടുതൽ പരിപോഷിപ്പിക്കുക എന്ന
ഉദ്ദേശ്യത്തോടെ ആരംഭിച്ച ലിറ്റിൽ കൈറ്റ്സ് എന്ന ഹൈടെക്
കൂട്ടായ്മയുടെ ആഭിമുഖ്യത്തിൽ ജെ ഫ് കെ എം സ്കൂളിലെ
കുട്ടികൾ തയ്യാറാക്കിയ ഡിജിറ്റൽ മാസികയാണ് "കെ മിറർ".
പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി ഇത്
പൂര്ണമാക്കാൻ ഞങ്ങൾ ശ്രമിച്ചിട്ടുണ്ട്. ആശയസമ്പുഷ്ടമായ
കഥകളും,കവിതകളും, ചിന്തയുടെ വ്യാപനത്തിന് സഹായിക്കുന്ന
ചിത്രങ്ങളും ഉൾക്കൊള്ളിച്ചാണ് ഈ മാഗസിൻ
പൂർത്തിയാക്കിയിരിക്കുന്നത്. ഇതിലേക്ക് സൃഷ്ടികൾ തന്നു സഹായിച്ച
എല്ലാ കൂട്ടുകാർക്കും നന്ദി അർപ്പിച്ചുകൊണ്ട് സഹൃദയരുടെ
കരങ്ങളിലേക്ക് ഈ സൃഷ്ടി വിനയപൂർവം സമർപ്പിച്ചുകൊള്ളട്ടെ.....

എഡിറ്റർ
അക്ഷയ ശാസ്ത്രി

# അമ്മേ മലയാളമേ.....

നമ്മുടെ കുഞ്ഞുങ്ങൾ മലയാളം പറഞ്ഞാൽ അത് മോശമാണെന്നും, ഇംഗ്ലീഷ് പറഞ്ഞാൽ അത് കേമമെന്നും വന്നിരിക്കുന്ന ഒരു കാലമായിപ്പോയി. അവനവന്റേതായിട്ടുള്ള ഭാഷയുണ്ടാവുക എന്നുവച്ചാൽ വീട്ടുചോറുണ്ടാവുക എന്നാണർത്ഥം. ലോകത്തു ഓരോ വർഷവും 58 ഭാഷകൾ മരിച്ചുകൊണ്ടിരിക്കുന്നുവെന്നു ഭാഷാശാസ്ത്രജ്ഞന്മാർ കണക്കുനിരത്തുന്നുണ്ട്. ഇന്ത്യയിലെന്നല്ല ലോകത്തു തന്നെ ഇരുപത്തിയെട്ടാമത്തെ സ്ഥാനമുള്ള ഭാഷയാണ് മലയാളം. അത് സംസാരിക്കുന്നവരുടെ എണ്ണം കൊണ്ടല്ല, നേരെമറിച്ചു വേറെ പല ലക്ഷണങ്ങളുമുണ്ടതിന്. മലയാളത്തിന്റെ സാഹിത്യസമ്പത്ത്, പ്രാചീനത, പൗരാണികത.... എന്തിനധികം പറയുന്നു, ഇത്രയധികം മനോഹരമായൊരു ലെക്സിക്കനുള്ള ഭാഷ ഇന്ത്യൻ ഭാഷകളിൽ തന്നെ അപൂർവമാണ്.

പടിഞ്ഞാറ് സമുദ്രാഭിമുഖമായി കിടക്കുന്ന ഈ കേരളത്തിലേക്ക് ക്രിസ്തുവിനു മുൻപ് യൂറോപ്പിന്റെയും അറേബ്യയുടെയും തുറമുഖങ്ങളിൽ നിന്നുള്ള നൗകകൾ നമ്മുടെ സുഗന്ധ ദ്രവ്യങ്ങൾക്കായി തുഴഞ്ഞെത്തി. അങ്ങനെ വരുന്നവരുടെയെല്ലാം ഭാഷകളിൽനിന്ന് അയിത്തമാചരിക്കാതെ വാക്കുകൾ വന്നുകയറി.

ദ്രാവിഡ സംസ്കൃതിയെന്ന നാന്മുഖന്റെ നാല് മുഖങ്ങളാണ്; നാലു ദക്ഷിണേന്ത്യൻ ഭാഷകൾ- അവയിൽ മൂന്നു മുഖങ്ങൾ ആദരിക്കപ്പെടുന്നു. നമുക്ക് സന്തോഷമേയുള്ളൂ. എന്നാൽ മലയാളമെന്ന ഈ നാലാമത്തെ മുഖം ഇന്നലെയോ,മിനിഞ്ഞാന്നോ പൊട്ടിമുളച്ചതാണ് എന്ന ധാരണ തെറ്റാണെന്ന്മനസ്സിലാക്കാൻ ഇനിയും വൈകരുത്.

മഹത്തായ സാംസ്‌കാരിക പാരമ്പര്യവും ചരിത്രവും അവകാശപ്പെടാവുന്ന ഭാഷയാണ് മലയാളം. ആശയവിനിമയഭാഷയായി  ഒൻപതാം നൂറ്റാണ്ടിൽത്തന്നെ മലയാളം നിലവിലുണ്ടായിരുന്നുവെന്നും ചരിത്രം വ്യക്തമാക്കുന്നു. സാഹിത്യത്തിന്റെയും, കലയുടെയും മേഖലകളിലും അദ്വിതീയ സ്ഥാനമാണ് മലയാളത്തിനുള്ളത്. അതേസമയം, പുതിയ തലമുറയുടെ ആവശ്യങ്ങൾകൂടി പരിഹരിക്കാൻ സജ്ജമായാൽമാത്രമേ ഏത് ഭാഷക്കും നിലനിൽക്കാനാവുകയുള്ളൂ. നിത്യജീവിതവുമായി ബന്ധപ്പെടുത്തിക്കൊണ്ടു മാത്രമേ ഭാഷയെക്കുറിച്ചു ചിന്തിക്കാനാവൂ. ഒരു നാടിൻറെ സാംസ്‌കാരിക രംഗം ചലനാത്മകമാക്കുന്നതിൽ ഭാഷയുടെ പങ്ക് ആർക്കും നിഷേധിക്കാനാവില്ല. ജീവിതായോധനത്തിന്സഹായിക്കുമ്പോഴാണ് സാധാരണ ജനതക്ക് ഭാഷയോടും സംസക്കാരത്തോടും ആഭിമുഖ്യമുണ്ടാവുന്നത്. മാതൃഭാഷ പഠിച്ചു തൊഴിൽ ചെയ്തു മാന്യമായി ജീവിക്കുവാൻ കഴിയുന്നില്ലെങ്കിൽ ആ ഭാഷയോട് ജനങ്ങൾക്ക് ആഭിമുഖ്യമുണ്ടാവില്ല.

ഏതൊരു സംസ്കാരത്തിന്റെയും അടിത്തറ ഭാഷയാണ്.ഭാഷയുടെ നിരന്തരമായ നവീകരണമാണ് ആ സംസ്കാരത്തെ ചൈതന്യവത്താക്കി നിലനിർത്തുന്നത്.

# സമയം

ജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് സമയം . സമയത്തിനൊപ്പം സഞ്ചരിച്ചാൽ മാത്രമേ ജീവിത ലക്ഷ്യം നേടാനാകൂ . സമയം ഒന്നിനും കാത്തുനിൽക്കുകയില്ല . ഇപ്പോൾ നമുക്ക് പഠിക്കുന്നതിനുള്ള സമയമാണ് .നേർവഴിയിലേക്ക് നയിക്കാൻ അധ്യാപകരും ,എന്തിനും നമുക്കൊപ്പം നടക്കുന്ന മാതാപിതാക്കളും ഉള്ളപ്പോൾ വിജയലക്ഷ്യത്തിലെത്താൻ സാധിക്കും .

ഇപ്പോൾ കിട്ടുന്ന സമയം നാളെ കിട്ടിയെന്നു വരില്ല ."വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും " എന്ന പഴംചൊല്ല് പോലെ വേണമെന്ന് വിചാരിച്ചു പഠിച്ചാൽ നമുക്ക് ഉന്നത വിജയം കൈവരിക്കാൻ കഴിയും. നമ്മുടെ പഠനം നമുക്ക് വേണ്ടിയാകണം . അധ്യാപകർക്കും വീട്ടുകാർക്കും വേണ്ടി പടിക്കരുത്.

പഠിക്കാനുള്ള എല്ലാ സൗകര്യങ്ങളും സമയവും ഉള്ളപ്പോൾ പഠിക്കാതെ അലക്ഷ്യമായി നടന്നാൽ ഒരു വിജയവും കൈവരിക്കാൻ കഴിയാതെ വരും. പരീക്ഷാസമയം കഴിഞ്ഞിട്ട് പഠിച്ചിരുന്നെങ്കിൽ എന്ന് ചിന്തിച്ചിട്ട് കാര്യമില്ല. അതുകൊണ്ടു കിട്ടിയ സമയം കളയാതെ വളരെ അടുക്കും ചിട്ടയോടും കൂടി ഉന്നതവിജയം ലക്ഷ്യമാക്കി പഠിക്കണം.



## ജനനീ നിങ്ങളെൻ ജീവശ്വാസം

ജനനീ നിങ്ങളെൻ ജീവശ്വാസം
എന്നെ നയിക്കുന്ന മാർഗ്ഗദീപം
ദുഃഖമാം എണ്ണയിൽ  ജീവിതതിരികൊണ്ടു
കത്തിജ്വലിക്കുന്ന നിലവിലാക്കണമ്മ
അക്ഷരച്ചെപ്പുകൾ തുറന്നുതന്നു
വാത്സല്യവീണകൾ മീട്ടിത്തന്നു
ജീവിതത്തിരകളിൽ അലയുന്നുവെങ്കിലും
നിഴൽവീണ രാഗമായ് എന്റെയമ്മ
പുഴയിലലിയുന്ന ചന്ദ്രികയെനോക്കിയെൻ
നിഴലുംനിലാവും പറഞ്ഞു തന്നു
പിന്നെ പൂർണേന്ദുപോലെത്തെളിഞ്ഞുനിന്നു
കണികാണാൻ കഴിയുന്ന കർണികാരംപോലെ.....
നന്മകൾ ചെയ്താലനുഗ്രഹിക്കും
തിന്മകൾ ചെയ്താൽ തിരുത്തുമമ്മ
സ്നേഹത്തിന് പനിനീർപൂക്കളാ-
ലെന്നെ മാലകൊരുത്തിച്ചാർത്തുമമ്മ



# മഴ

നീ പെയ്തു പിൻവാങ്ങിയത്
എന്റെ ഹൃദയത്തിലാണ്
വർഷകാല സന്ധ്യകളിലല്ല.
നീ തന്ന ഗന്ധം
എന്റെ ആത്മവിലാണ്
വസന്ത രേണുക്കളിലല്ല
നീ വീണടഞ്ഞതു
എന്റെ മൗനത്തിലാണ്
മണ്ണിന്റെ ആഴങ്ങളിലല്ല
നീ പ്രണയിച്ചത്
എന്റെ പുലർകാല സ്വപ്നങ്ങളെയാണ്
എന്റെ ഏകാന്ത മിഴികളെയല്ല
സ്വപ്നങ്ങൾക്ക് കൈകൾ കോർക്കുമ്പോൾ
ഓർക്കുക , തുടരാതെ ഒഴിഞ്ഞുപോയ
മൂകഗദ്ഗദങ്ങളാണിന്നു
നാം ................

# അവിചാരിതം

നാളെ ബുധനാഴ്ച.. എൻറെ ജീവിതം മാറ്റി മറിക്കാൻ പോവുന്ന ആ ദിവസം.. എനിക്കുറക്കം വന്നില്ല.. ഉറങ്ങിയില്ലെങ്കിൽ എങ്ങനെ.. എങ്ങനെയെങ്കിലും ഉറങ്ങിയെ തീരൂ.. മൊബൈൽ എടുത്ത് ഒരു പാട്ട് വച്ചു. "അല്ലിയിളം പൂവോ".. ഉറക്കം വരാതെ തിരിഞ്ഞും മറിഞ്ഞും കിടന്ന ഞാൻ ഉറങ്ങാനായി ആവതും ചെയ്തു. നാളെ നടക്കാനിരിക്കുന്ന ആ ഇന്റർവ്യൂ എനിക്കത്രയും പ്രധാനപ്പെട്ടതാണെന്ന് അപ്പോഴനെനിക്ക് ബോധ്യപ്പെട്ടത്.. സ്വിച്ച് ഇട്ടാൽ ഉടൻ ജ്വലിക്കുന്ന ബൾബ് പോലെ ലൈറ്റ് ഓഫ് ചെയ്തു ഉടനെ ഉറങ്ങുന്ന സ്വഭാവമുള്ള ഞാൻ ഉറക്കം കിട്ടാതെ വിഷമിക്കുന്നു.

കിടക്കയിൽ നിന്നെഴുന്നേറ്റു ജനലക്കരികിലേക്ക് നടന്നു. ജനലവാതിൽ പതിയെ തുറന്നു പുറത്തേക്കു നോക്കി, മഴ ചാറുന്നു.. ചാറ്റൽ മഴയെ ഉള്ളൂ.. തികച്ചും അവിചാരിതമായി പെയ്ത ആ മഴ എന്നിൽ ചെറിയ സന്തോഷമോന്നുമല്ല ഉളവാക്കിയത്. മനസ്സ് തണുത്തു തുടങ്ങിയത് എനിക്ക് തിരിച്ചറിയാൻ സാധിക്കുന്നുണ്ടായിരുന്നു.. കിടക്കയിലേക്ക് ചാഞ്ഞ എനിക്ക് ഉറങ്ങാൻ അധിക സമയം വേണ്ടി വന്നില്ല. അഞ്ചരക്ക് തന്നെ അലാറം അടിച്ചു.. അലാറത്തിൻറെ ശബ്ദം കേട്ട് ഞാൻ ഞെട്ടുന്നത് ഒരു പക്ഷെ ഇതാദ്യമായിരിക്കും. കാക്കക്കുളി കുളിച്ച് തോർത്തിയ പാതി തോർത്താത്ത പാതി കുളിമുറിയിൽ നിന്ന് പുറത്തേക്കിറങ്ങിയ എനിക്ക് മേശ മേൽ കാലായിരിക്കുന്ന ഇഡ്ഡലിയും ഉള്ളിച്ചമ്മന്തിയും കണ്ടു വെള്ളമിരക്കാനെ യോഗമുണ്ടായുള്ളൂ. കെ.എസ്.ആർ.ടി.സി ബസ് എനുക്കി വേണ്ടി കാത്തു നിൽക്കില്ലല്ലോ. ബസ് സ്റ്റോപ്പിലേക്ക് ഓടുമ്പോൾ പുറകിൽ നിന്നൊരു വിളി. അമ്മയാണ്, ധൃതിയിൽ മൊബൈൽ എടുക്കാൻ മറന്നിരുന്നു. തിരിച്ചോടി മൊബൈൽ പോക്കെറ്റിൽ ഇട്ട ശേഷം വീണ്ടും ഓടാൻ ആരംഭിച്ചു. മൊബൈൽ റിംഗ് കേട്ട് ഓട്ടം പതുക്കെയാക്കി ഫോണെടുത്തു നോക്കി.. നമ്പർ മാത്രേ ഉള്ളൂ. ഫോൺ സൈലന്റ് മോഡിലാക്കി പോക്കെറ്റിൽ വച്ചു ഓട്ടത്തിന്റെ ശക്തി കൂട്ടി.ഭാഗ്യം.. ബസ് എത്തുന്നതെ ഉള്ളൂ.. ഇന്റർവ്യൂന് ഞാൻ മാത്രമേ ഉള്ളൂ എങ്കിൽ ഈ ജോലി എനിക്ക് തന്നെ.. ബസ് എത്തിയ ഉടൻ തന്നെ ചാടി കേറി സൈഡ് സീറ്റിൽ ഇരുന്നു. വീണ്ടും മൊബൈലിൽ കാൾ വരുന്നു. ഞാൻ അതെടുത്തു വൈബ്രേറ്റർ കൂടി ഓഫ് ചെയ്തു. പിന്നെ ഇവിടെ മനുഷ്യൻ ഇന്റർവ്യൂന് വേറെ ആരും ഉണ്ടാവരുതേ എന്ന് പ്രാർത്ഥിച്ചു കൊണ്ടിരിക്കുമ്പോഴാ കാൾ എടുക്കേണ്ടത്.. കാൾ കട്ട് ചെയ്യുന്ന സ്വഭാവം എനിക്ക് പണ്ടേ ഇല്ല.. മാസം അമ്പതു രൂപ കൊടുത്തു ഡയലർടോൺ സെറ്റ് ചെയ്തു വച്ചിരിക്കുന്നതാ, ഒന്നല്ല, നാല് പാട്ടുകൾ.. വിളിക്കുന്നവർ കേൾക്കട്ടെ.. അങ്ങനെയല്ലേ എനിക്കെൻറെ കാശ് മുതലാക്കാൻ പറ്റൂ.. അങ്ങനെ സ്ഥലമെത്തി. നെഞ്ചിനകത്ത് ബോംബ് പൊട്ടുന്നുണ്ടോ എന്ന് ഇടയ്ക്കിടയ്ക്ക് തോന്നാതിരുന്നില്ല. ആദ്യ ഇന്റർവ്യൂ ആണേ.. മുപ്പതിനായിരം രൂപ മാസ ശമ്പളം.. ആദ്യ ശമ്പളം കിട്ടിയാൽ തന്നെ അടവിന് ഒരു ബൈക്ക് വാങ്ങണം. അതാ മൊബൈലിലെ ലൈറ്റ് മിന്നുന്നു. അതേ നമ്പർ തന്നെ. എന്തെങ്കിലും അത്യാഹിതം സംഭാവിച്ചുണ്ടാവുമോ ..!! എന്ത് വേണേങ്കിലും നടക്കട്ടെ, ഇപ്പൊ പ്രധാനം ഈ ഇന്റർവ്യൂ പാസ് ആവുക എന്നതാണ്. എന്തെങ്കിലും അത്യാഹിതം ആണെങ്കിൽ ഇന്റർവ്യൂവിൽ പങ്കെടുക്കാതെ പോവേണ്ടതായി വരും. അത് കൊണ്ട് കാൾ എടുക്കേണ്ട എന്ന് തന്നെ തീരുമാനിച്ചു. എന്തായാലും ഇത് കഴിഞ്ഞു വിളിക്കാമല്ലോ..

എന്റമ്മോ എൻറെ പേരല്ലേ വിളിക്കുന്നത്.. എളുപ്പമുള്ള ചോദ്യങ്ങൾ തന്നെയായിരിക്കേണമേ ചോദിക്കുന്നത് എന്ന് പ്രാർത്ഥിച്ചു കൊണ്ട് ഇന്റർവ്യൂ റൂമിലേക്ക് പ്രവേശിച്ചു. എന്തോ ഈശ്വരൻ എന്റെ കൂടെ ആയിരുന്നു. എല്ലാം എളുപ്പമുള്ള ചോദ്യങ്ങൾ. ഞാൻ സെലക്ട് ആയെന്നു അപ്പൊ തന്നെ അറിയിപ്പ് കിട്ടി. ഞാൻ സന്തോഷം കൊണ്ട് മതി മറന്നു. വേഗം പുറത്തിറങ്ങി അമ്മയെ വിളിച്ചു പറയണം.. മൊബൈൽ എടുത്തപ്പോൾ വീണ്ടും ആ കാൾ. ഞാൻ അത് അറ്റൻഡ് ചെയ്തു. " അയ്യോ ഫോൺ എടുത്തോ, ഞാൻ കട്ട് ചെയ്യാണേ". കാൾ കട്ട് ആയി. ഇതാണോ അത്യാഹിതം..!!സ്ത്രീശബ്ദം ആയിരുന്നു. എന്നാലും ഫോണിലേക്ക് വിളിച്ചിട്ട് കാൾ എടുത്തോ എന്നും കട്ട് ചെയ്യാണേ എന്നും ഒക്കെ.. വട്ടയിരിക്കുമോ.. ഏയ്.. ശബ്ദം കേട്ടാൽ വട്ടാണ് എന്നൊന്നും തോന്നില്ല. എന്നാലും ശബ്ദം മാത്രം കേട്ട് എങ്ങനെയാ ഉറപ്പിക്കാ.. തിരിച്ചു വിളിച്ചു നോക്കാം. അല്ലെങ്കിൽ വേണ്ട, വല്ല വയ്യവേലിയും ആണെങ്കിൽ പണി കിട്ടുന്ന വഴിയറിയില്ല.

വീടിൻറെ ഗേറ്റ് പൂട്ടിയിരിക്കുകയാണല്ലോ. അമ്മയെ വിളിക്കാനായി ഫോണെടുത്തു ഡയൽ ചെയ്തു.

പരിചയമില്ലാത്ത ഒരു ഹലോ കേട്ടപ്പോൾ ആദ്യം ഒന്നു പകച്ചു. ഞാൻ നമ്പർ ഒന്നുകൂടി നോക്കി. ഓഹ്, ഇത് ആ കാൾ ചെയ്തു കട്ട് ചെയ്ത ടീം അല്ലേ.. എന്തായാലും സംസാരിക്കാം. ക്ഷമ പറയലൊക്കെയാണ്,കാൾ ചെയ്തതിൽ. ബുദ്ധിമുട്ടിക്കൽ ആയിരുന്നോ എന്നും മറ്റുമൊക്കെ ചോദിച്ചു. ആ പെൺകുട്ടിയുടെ സൌന്ദര്യം ശബ്ദത്തിൽ നിന്ന് തന്നെ വ്യക്തമായിരുന്നു. അവൾ എന്റെ മോബിലിലേക്ക് നമ്പർ തെറ്റി വിളിച്ചതായിരുന്നത്രേ, പക്ഷെ അവൾക്കിഷ്ടപ്പെട്ട പാട്ട് തന്നെ ഡയലർ ടോൺ. എന്തായാലും അറ്റൻഡ് ചെയ്യുന്നില്ലല്ലോ എന്ന് കരുതി ഒന്നു കൂടി വിളിച്ചു നോക്കിയപ്പോൾ അടുത്ത പാട്ട്. എൻറെ പാട്ടിന്റെ സെലെക്ഷൻ ലോക പ്രശസ്തമാണല്ലോ.. വീണ്ടും വീണ്ടും വിളിച്ചതിൽ അവളെ എങ്ങനെയാ തെറ്റ് പറയുക..

പാട്ട് കേൾക്കാൻ തോന്നുമ്പോഴൊക്കെ ഈ നമ്പറിലേക്ക് വിളിച്ചോട്ടെ എന്നവൾ അപേക്ഷിച്ചപ്പോൾ പറ്റില്ല എന്ന് പറയാൻ എന്റെ മനസ്സനുവദിച്ചില്ല. പക്ഷെ ഒരു ഉപാധി വച്ചു, പാട്ട് കേൾക്കാൻ തോന്നുമ്പോഴൊക്കെ എന്നെ വിളിച്ചോളൂ, ഞാൻ ഫോൺ എടുക്കില്ല, പക്ഷെ എനിക്ക് സംസാരിക്കണം എന്ന് തോന്നുമ്പോഴൊക്കെ ഞാൻ തിരിച്ചും വിളിക്കും. അപ്പൊ ഫോൺ എടുക്കണം, സംസാരിക്കേം വേണം” വളരെ ന്യായമായ ഒരു ആവശ്യമല്ലേ ഞാൻ ഉന്നയിച്ചത്, അവൾ അത് നിരസിച്ചില്ല.. ഡയലർ ടോണിന്റെ ഒരു പവറെ..!! മൂന്ന് നാല് പെണ്പിള്ളേരുടെ പുറകെ നടന്നിട്ടുണ്ട്.. അവരാരും തിരിഞ്ഞു പോലും നോക്കിയിട്ടില്ല.. “അവിചാരിതമായ” ഒരു കാൾ ഇതാ എനിക്കിപ്പോ ഒരു ഗേൾ ഫ്രെണ്ടിനെ തന്നിരിക്കുന്നു. ഇപ്പോഴും അവൾ പാട്ട് കേൾക്കാറുണ്ട്, പക്ഷെ എൻറെ മടിയിൽ കിടന്നാണെന്ന് മാത്രം.. അവിചാരിതമായ ഒരു ഫോൺ കാളിനാൽ ഇന്നെൻറെ ജീവിതം മറ്റൊരു തലത്തിൽ..

## എന്റെ നാട്

പൂക്കൾ നിറഞ്ഞനാട് എന്റെനാട്

വയലുകൾ  പൂത്തുനിൽക്കുന്ന എന്റെനാട്

പുഴകൾ താളംപിടിക്കും എന്റെനാട്


കിളികൾപാടിയുണർത്തും എന്റെനാട്

എന്റെനാട് സുന്ദരനാട്

എന്റെ മാമലനാടെ ജയിച്ചാലും .

## അക്ഷരമാണെന്റെയമ്മ

**അക്ഷരമാണെന്റെയമ്മ**
**പുസ്തകത്താളിന്റെയമ്മ**
**അക്ഷരതാളിനാൽ എന്മനസ്സിൽ**
**അമ്പിളിമാമനെ തീർത്തൊരമ്മ**
**കുഞ്ഞുമനസ്സിനെ തഴുകിയുണർത്തിയ**
**അക്ഷരമാണെന്റെയമ്മ**
**തുവല്ലൊഴിഞ്ഞൊരു കാലത്തിലെന്നമ്മ**
**അക്ഷരമാലകൾ കോർത്തുതന്നു**




## സ്മരണയിൽ

ഓർമകളെ കടംതരുമോ എൻ ജീവനെ
ഞാനെൻ ആത്മാവിനെ തൃജിക്കുംവരെയും
സ്നേഹിക്കുവാൻ, ഓമനിച്ചീടുവാൻ
ഓർമകൾകൊണ്ടായിരം കനവ്നെയ്തീടുവാൻ
കാലംകെടുത്തും നിലവിളക്കെന്നിലെ
പ്രാണനെ ഛേദിച്ചോരോർമയല്ലോ
നിഴലുകൾ മാത്രമെൻ ഹൃത്തിലുണരുന്നു
വിധിനല്കുമാത്മാവിൻ നൊമ്പരത്താളിലായ്
അകലെയാണെങ്കിലും അരികിലെൻ ശ്വാസമായ്
എന്നിലണയുന്നു നി എന്റെ ജീവസങ്ഗീതമേ
മിഴിനനഞ്ഞീടുമ്പോൾ ഹൃദയവും തേങ്ങുന്നു
അഭിരമിച്ചീടുമാ വസന്തത്തിനോർമയിൽ
വാനിലെ താരങ്ങൾ നോക്കിഞാൻ നിൽപ്പൂമീ
രജനി തൻവീഥിയിൽ ഏകാന്തമയിതാ
മരവിച്ചീടുന്നേൻറെ ഹൃദയമാം ഓർമയിൽ
മൃതമായിടുന്നൊരാ ആത്മവിന്നോർമയിൽ
ഓർമകളെ കടംതരുമോ ജീവനെ
എൻ ഹൃതിനാൽ തഴുകി ഉണർത്തീടുവാൻ .

# ദൈവത്തിന്റെ വികൃതികൾ

മാമലകളെ തഴുകിയ മഞ്ഞുകണങ്ങൾക്കിടയിലൂടെ സൂര്യന്റെ കാര്യങ്ങൾ അരിച്ചിറങ്ങുന്നതേയുള്ളു. ഗോപാലന്റെ ചെറുകടയുടെ അടുക്കളയിൽനിന്നും , പത്രങ്ങളുടെയും ,മുറ്റമടിയുടെയും ശബ്ദം നേർത്ത രീതിയിൽ മാത്രം രാഘവന്റെ ചെവിയിൽ അലയടിച്ചു. രാഘവൻ മാഷ് രാമപുരം ഗ്രാമത്തിലെ കാണപ്പെട്ട ദൈവമാണ്.കാലത്തിന്റെ വികൃതിയാൽ അദ്ദേഹം ഇപ്പോഴും ഒറ്റത്തടിയാണ്. മാഷിന്റെ വീടിനടുത്താണ് ഗോപാലേട്ടന്റെ കട. പുലർച്ചെ ഈ ശബ്ദത്തിന്റെ അകമ്പടിയോടെയാണ് മാഷിന്റെ തുടക്കം.

ഗോപാലേട്ടന്റെ കടയുടെ ഒറ്റത്തടിയിൽ തീർത്ത ബഞ്ചിന്റെ ഒരറ്റത്തിരുന്നു പത്രം വായനയിൽ മുഴുകുന്ന രാഘവൻ മാഷ് മറ്റൊന്നും ശ്രദ്ധിക്കുന്നില്ല. ചൂട് ചായ മേശപ്പുറത്തുവക്കുന്ന ശബ്ദത്തോടെയാണ് പത്രത്തിൽനിന്നുള്ള നോട്ടം ചായയിലേക്കയത്. മാഷിന്റെ കണ്ണുകൾ കുറുകി..., ചായ കണ്ടിട്ടല്ല; ചായ കൊണ്ടുവന്ന ആ മെലിഞ്ഞ കൈയായിരുന്നു.... ആ കൈയിന്റെ ഉടമസ്ഥനെ കണ്ട മാഷിന്റെ ഉള്ളൊന്നു പിടഞ്ഞു. ഒരു മെലിഞ്ഞ രൂപം. വാരിയെല്ലുകൾ തെളിഞ്ഞുകാണാം. ഒട്ടിയ വയറും, ചെറിയൊരു ട്രൗസറുമിട്ട, എണ്ണ കണ്ടിട്ട്   വർഷങ്ങളായ തലമുടിയുള്ള ചെറിയൊരു ചുള്ളൻ ചെക്കൻ . മാഷിന്റെ തുറിച്ചുള്ള  നോട്ടം കാരണമാവാം  അവൻ ഉള്ളിലേക്ക് വലിഞ്ഞു. എന്തോ ചോദിക്കണമെന്ന് വിചാരിച്ച മാഷിന് പെട്ടന്ന് തൊണ്ട വരണ്ടതുപോലെ. അദ്ദേഹം ചൂടറിയാതെ ചായ കുടിച്ചു  ഇറങ്ങി വീട്ടിലേക്ക് നടന്നു. ഗോപാലേട്ടനു ഒന്നും മനസ്സിലായില്ല .

രാഘവൻ  മാഷിന്റെ കണ്ണുകളിൽ ഉറക്കം തളം കെട്ടി നിന്നെങ്കിലും ഉറങ്ങാൻ കഴിയുന്നില്ല. അവന്റെ ആ നിഷ്കളങ്കമായ മുഖം മായുന്നില്ല. എവിടെയോ കണ്ടു പരിചയിച്ച മുഖം. ഗോപാലേട്ടന്റെ വാക്കുകൾ ഒരു തീക്കനലായി വന്നിടിക്കുന്നു. അവനൊരു അനാഥ പയ്യനാ..., നാടും വീടും ഒന്നും ചോദിച്ചറിഞ്ഞില്ല, ഊമയെന്നാ തോന്നുന്നേ! ചന്തയിൽ നിന്നും വരുന്ന വഴിയിൽ കണ്ടുമുട്ടിയതാ..., ങ്ങാ, എന്തായലും എനിക്കൊരു സഹായിയായി.

രാഘവൻ മാഷിന്റെ ഓർമ്മകൾ കാലത്തിനുപോലും മായ്ക്കാൻ കഴിയില്ല. പത്തു മുപ്പതു വർഷം പിന്നോട്ടോടി .

ചെന്നെത്തിയതോ, ഒരു മാവിന്ച്ചുവട്ടിലെ പൊരിവെയിലത്തുള്ള ഉറക്കം. അമ്മയെതോ, അച്ഛനേതോ എന്നറിയാതെ, വിശപ്പിനെ ശപിക്കുന്ന ബാല്യകാലം. വെറുപ്പോടെ, സഹനത്തോടെ തുറിച്ചുനോക്കുന്ന എത്രയോ കണ്ണുകൾ. ആയിരമായിരം കണ്ണുകളിൽ നിന്നും സ്നേഹത്തിന്റെ സ്പർശനോട്ടമറിഞ്ഞത് ആക്രിക്കട നടത്തുന്ന ശങ്കു ആശാനായിരുന്നു. തന്നോട് കരുണ കാണിച്ച അദ്ദേഹത്തിന്റെ ദുരിതങ്ങൾക്ക് നടുവിലേക്ക് എന്നെയും കൊണ്ടുപോയി. ഒരു പത്തുവയസ്സുകാരന് അതുതന്നെ വലിയൊരാശ്വാസമായി.

ശങ്കുവാശാന്റെ ഒക്കത്തിരിക്കുന്ന പൊന്നു എന്റെ കളിക്കൂട്ടുകാരിയായി. ആശാന്റെയൊപ്പം പണിയെടുക്കുന്നതിലൊരു പരിഭവവും കാണിക്കാതെ വർഷങ്ങൾ കടന്നുപോയി. സ്കൂളിൽ ചേർന്നതിനുശേഷം പഠിത്തത്തിലുള്ള മികവ് കൊണ്ടാണോന്നറിയില്ല പിന്നീട് ശങ്കുവാശാൻ

മാഷിനെ കൂടെ കൂട്ടാറില്ലായിരുന്നു.

മാഷിന്റെ ഓർമ്മകൾ പിന്നീട് മധുരമുള്ളതായിത്തീരുന്നു. കളിക്കൂട്ടുകാരിയോടൊപ്പം കളിക്കുന്നതും, ഓരോ ആഘോഷങ്ങളും നാല് മൺചുമരുകൾക്കുള്ളിൽ ആഘോഷിക്കുന്നതും കാലം കൈവിട്ടുകളഞ്ഞില്ല. പത്താം ക്ലാസ് കഴിഞ്ഞതും നല്ല മാർക്കോടെയുള്ള വിജയവും ശങ്കുവാശാന് പറഞ്ഞറിയിക്കാനാകാത്ത സന്തോഷമായിരുന്നു. മനസ്സില്ലാമനസ്സോടെ അദ്ദേഹത്തെ ഉന്നത പഠനത്തിനായി പട്ടണത്തിൽ വിട്ടു.സ്വരൂപിച്ച പണമെല്ലാം ശങ്കുവാശാൻ നൽകി. ഇനിയൊരിക്കൽ എവിടെയെങ്കിലും വച്ച് കാണാമെന്നു പറഞ്ഞ ശങ്കുവാശാനെയും ആ പാവടക്കാരിയെയും പിന്നീടിതുവരെ കണ്ടെത്തിയില്ല .

ഇപ്പോഴും ഓരോ ആൾക്കൂട്ടത്തിനു നടുവിലും അവരെ തെരയുന്നുണ്ടായിരുന്നു.ഇങ്ങനെ ഓരോന്നോർത്തുകൊണ്ടു
മാഷ് നിദ്രയിലേക്കാണ്ടുപോയി. വലിയൊരു കരച്ചിലിന്റെ അലകൾ കാതിൽ കേട്ടതും മാഷ് ഞെട്ടിയുണർന്നു വാച്ചിലേക്ക് നോക്കി. സമയം 4 മണി കഴിഞ്ഞോ .മാഷ് പെട്ടന്ന് അവിടേക്ക് ചെന്നു. റാന്തലിന്റെ വിളക്കുവെട്ടത്തിൽ മാഷിന് ഒന്നേ നോക്കാനായുള്ളു. ആ കുഞ്ഞു പയ്യന്റെ ഇടം കാലിൽ പൊള്ളലേറ്റു വിങ്ങിയിരിക്കുന്നു.


ആരോടും ദേഷ്യപ്പെടാത്ത രാഘവൻ മാഷിന്റെ കണ്ണുകളിൽ തീപാറി. "എന്താഗോപിയേട്ടാ ഇത്", ഗോപിയേട്ടന്റെ മറുപടി മാഷിനെ തളർത്തിക്കളഞ്ഞു. "നീയെന്തിനാ രാഘവ അലറുന്നേ പണി ചെയ്തില്ലെങ്കിൽ ഇങ്ങനെയേ പഠിപ്പിക്കത്തുള്ളൂ...., നീയൊന്നും കാര്യമാക്കേണ്ട, രണ്ടു ദിവസം കഴിയുമ്പോൾ ഒക്കെ ശരിയാകും, നീയിങ്ങു വന്നേ...."

രാഘവൻ മാഷ് ഗോപിയേട്ടന്റെ കൈ തട്ടി മാറ്റി കുട്ടിയുടെ അടുത്തേക്ക് ഓടിയെത്തി. അവൻ തളർന്നു ബോധരഹിതനായി മാഷിന്റെ കൈകളിലേക്ക് വീണു. പിന്നൊന്നുമാലോചിച്ചില്ല, അവനെയുമെടുത്തു ആശുപത്രിയിലേക്കോടി. അവൻ പ്രയാസപ്പെട്ടു കണ്ണുതുറന്നു ചുറ്റും നോക്കി. "ഞാനെവിടെയാ കിടക്കുന്നേ" അവന്റെ ചോദ്യം കേട്ട് മാഷ് അവനെ നെഞ്ചോടു ചേർത്ത് സമാധാനിപ്പിച്ചു. അവൻ ഊമയല്ല , ചോദ്യങ്ങൾക്കു മുന്നിൽ അവൻ ഊമയായതാണ്. മാഷിന്റെ പരിചരണത്തിൽ അവൻ ദിവസങ്ങൾ കഴിഞ്ഞപ്പോൾ ആരോഗ്യവാനായി. അവൻ ധാരാളം സംസാരിച്ചു.വീടുംനാടും കേട്ടതും മാഷിന്റെ കണ്ണുകൾ വികസിച്ചു വന്നു." മാഷേ, എന്റെ വീട് രാമപുരം എന്ന ഗ്രാമത്തിലായിരുന്നെന്ന് എന്റെ ഓർമയിലുണ്ട്. പക്ഷെ, ഞാൻ ചെറിയകുട്ടിയായതിനാൽ ഓർമ്മ നന്നായിട്ടില്ല.പിന്നീട് എല്ലാ ഗ്രാമങ്ങളിലും പട്ടണങ്ങളിലും സഞ്ചരിച്ചിട്ടുണ്ട്". ഓർമകൾ ഓരോന്നായി കടന്നുവന്നതും പെട്ടന്നവൻ പൊട്ടിക്കരഞ്ഞു. "മോനെന്തിനാ കരയുന്നേ", "അത്; മാഷേ, എന്റെ.... എന്റെ 'അമ്മ.... പിന്നീട് ഒന്നുമാവാൻ പറഞ്ഞില്ല.കുറെ ദിവസങ്ങൾക്കു ശേഷം മാഷിന്റെ ബുക്കുകളിൽ നിന്നും അവൻ പഠനം തുടങ്ങി. ഒരു പഴയ ബുക്കിന്റെ താളുകളിൽ നിന്നുമൊരു ചെറിയ കീറിയ ഫോട്ടോ അവനു കിട്ടി. മാഷിന്റെ മുറിയുടെ ചുമരിൽ തട്ടി ആ ദീനരോദനം വീണ്ടുമുയർന്നു. അടുക്കളയിൽ നിന്ന മാഷിന്റെ ഓട്ടമെത്തിനിന്നത് അവന്റെ മുന്നിലായിരുന്നു.അവന്റെ കൈയിലിരിക്കുന്ന ഫോട്ടോയിലേക്ക് മാഷ് നോക്കി.തന്റെ ശങ്കുവാശാനും,പൊന്നുവും. മാഷിന്റെ കണ്ണുകളിൽ ഇരുട്ട് കയറുന്നതുപോലെതോന്നി. കാരണം അവന്റെ വിതുമ്പലിൽ നിന്നും പുറപ്പെട്ട രോദനം..."എന്റെ അമ്മ....അമ്മ....അമ്മ....




# എന്റെ സ്വപ്നം


ഹൃദയത്തിൻ താളത്തിൽ
ആഴത്തിൽ ഉറങ്ങുമ്പോൾ
അറിയാത്തൊരു സ്വപ്നപ്പൂ
വിടരുന്നു കണ്മുൻപിൽ
സൂര്യകിരണങ്ങൾ പുൽനാമ്പിലെ
മഞ്ചിമ്മേൽ രത്നങ്ങൾ വീഴുമ്പോൾ
കണ്ണുചിമ്മാതെ ഞാൻ നോക്കിയിരുന്ന നെൽപ്പാടം
എവിടേക്കോ പോയ്മറഞ്ഞു
ഇനി വരുമോ വരുമോ എന്നെൻ
ഹൃദയവേദനകൾ പാടുമ്പോൾ
സ്വർണമണികൾ വിളയും പാടം
എന്നില്നിന്നകലെയായ് മറയുന്നു
എല്ലാം തകർത്തെല്ലാംനേടുമെന്ന
ഈ മനുഷ്യർ എവിടേക്കെവിടെക്കാണിവന്റെ പോക്ക്
ജീവന്റെ ശ്വസമാം എൻ വയലേലകൾ
ജീവത്തുടിപ്പോടെ  ഉണരട്ടെ ഇനിയും
അതോ , എൻ ഹൃദയാവർജ്ജകമായ
സ്വപ്നം ശിഥില സ്വപ്നമായിമാറുമോ
അറിയില്ലെനിക്കെന്നാലൊന്നറിയാം
മറയുന്നു മറയ്ക്കുന്നു മനുഷ്യർ
പിരിയുന്നു നൊമ്പരമോടെൻ പുഞ്ചവയൽ
ഇനി തിരിച്ചുവരുത്തും ഞാൻ
എൻ സ്വപ്നത്തിലെങ്കിലും.



# സമർപ്പണം

ഏഴിന്നഴകേഴുപത്തിരണ്ടേ
ഏഴരപ്പൊന്നാന പോലുള്ളചേലെ
വ്യാഴത്തിൻ വ്യാഴനാം വ്യാഴദിനത്തി -
ന്നാധാരനാഥനാം ശാസ്ത്രത്തിടമ്പേ
ശസ്ത്രകർമത്തിൽ ജ്വലിച്ച നിൻ കീർത്തി
ശാശ്വത ശ്രേയസ്സിൻ മാറ്റൊലിയായ്
സ്വാശ്രയനാടിന്റെ സോപാനമെത്തി

പാറിപ്പറക്കും മുടിയിലൊരദർശ-
മേരിവിലസും പോല[illegible]ദഹാസം
വാടാമലർചെടി ചൂടി[illegible]നാടിന്റെ
വാടിയിലെന്നും വി[illegible]കനിത്യം
എഴുപത്തിരണ്ടിൻ [illegible]ശക്തി
ഏതൻകുറിക്കുന്ന [illegible]യുക്തി
ഏഴിലംപാലപ്പൂരവ[illegible]സാക്തി
ഊഴിക്കിന്നാപത്തൊ[illegible]ണവശക്തി
അഗ്നിചിറകുമായുന്ന[illegible]കുറിക്കുന്ന
അഗ്നിമിസൈൽ നിന്റെ കന്നികനീയല്ലേ
അഗ്നിക്കും കൂട്ടുസഖികൾക്കും രൂപ
കല്പനനൽകി നീ ധന്യനായി .



# അമിത വേഗം ആപത്ത്

ഒരു വലിയ നഗരത്തിൽ നിന്ന് ഗ്രാമത്തിലേക്കു താമസം മാറി വന്ന ഒരു അണുകുടുംബം. അമ്മ വീട്ടുവേലക്ക് പോകുന്നു. അച്ഛൻ തടിപ്പണിക്കും. മകൻ ഡിഗ്രി തൊട്ടു വീട്ടിലിരിക്കുന്നു . ഒരു ദിവസം മകൻ ഒരു ആഗ്രഹം പറഞ്ഞു തനിക്ക് ഒരു ബൈക്ക് വേണം . വാങ്ങിത്തന്നില്ലെങ്കിൽ ആത്മഹത്യ ചെയ്യുമെന്ന് ഭീഷണി മുഴക്കി . 'അമ്മ കടം വാങ്ങി ആണെങ്കിലും ബൈക്ക് വാങ്ങിക്കൊടുത്തു. കീറിയ പാടെ അവൻ അതിൽ കറങ്ങാൻ പോയി . കുറച്ച ആഴ്ചകൾക്കു ശേഷം അയൽക്കാരിയായ ഭാനുമതി കതകിൽ മുട്ടി. 'അമ്മ വാതിൽ തുറന്നു

"ആരായതു ,ഭാനുമതിയോ.ഇങ്ങോട്ടെന്താ

"ദീപേ എനിക്ക് ഒരു കാര്യം പറയാനുണ്ട്

"എന്താ കാര്യം ..ദീപ ചോദിച്ചു

"നിന്റെ മകന്റെ പേരിൽ പോലീസ് കേസ് എടുത്തു

"എന്തിനു "

നിന്റെ മകൻ അമിത വേഗത്തിൽ വന്നു ഒരു വൃദ്ധയെ ഇടിച്ചിട്ടു നിർത്താതെ പോയി

പെട്ടന്ന് ഒരു പോലീസ് ജീപ്പ് വീടിന്റെ മുന്നിൽ വന്നു നിന്ന്

s .I ഇറങ്ങി വന്നു

"നിങ്ങടെ മകൻ ഇവിടെ ഇല്ലേ സി ചോദിച്ചു "

"പുറത്തു പോയി ഇരിക്കുവാ"അവർ പേടിച്ചു പറഞ്ഞു

"വരുമ്പോൾ സ്റ്റേഷനിലേക് വരൻ പറയണം "

"എന്താ കാര്യം" അമ്മ അറിയാതെ മട്ടിൽ ചോദിച്ചു

"കാര്യം ഒക്കെ അവനു അറിയാം..നിങ്ങൾ പറഞ്ഞാൽ മതി "

ജീപ്പ് പോയതും മകൻ ബൈക്കിൽ വന്നു ഇറങ്ങി

"ഇറങ്ങാട നശിച്ചവനെ ഈ വീട്ടിൽ നിന്ന് ഇറങ്ങാട"

കാര്യം മനസിലാക്കിയ മകൻ വീട് വിട്ടു ഇറങ്ങി

ബൈക്ക് എടുത്തു അമിത വേഗത്തിൽ പോയ അവൻ എതിരെ വന്നു കാറുമായി കൂട്ടിയിടിച്ചു ചോരയിൽ കുളിച്ചു റോഡിൽ വീണു ..

കൂടി നിന്ന് ആളുകൾ അവനെ ആശുപത്രിയിൽ എത്തിച്ചു ഭാഗ്യം കൊണ്ട് ജീവൻ തിരിച്ചുകിട്ടി

വീട്ടിൽ വന്ന അവൻ അച്ഛനോടും അമ്മയോടും മാപ്പു പറഞ്ഞു

:ബൈക്കിനേക്കാളും വേഗതയെകാളും വലുത് ആണ് ജീവനും ജീവിതവും എന്നും ഇന്ന് ഞാൻ തിരിച്ച അറിഞ്ഞു ഒരു നിമിഷം നേര്ത്ത എത്താം എന്ന് കരുതി ബൈക്കിൽ പായുമ്പോൾ ആ വേഗത ഒരു പക്ഷെ നമ്മളെയു, നമ്മുക് വേണ്ടപെട്ടവരെയും കണ്ണീരിലാകാം.വേഗതയെ സ്നേഹിക്കുന്ന എല്ലാർക്കും ഈ കഥ ഒരു ഗുണ പാഠം ആകട്ടെ ...

Tony.s

# ദൈവദൂതൻ




സന്ധ്യ മയങ്ങുന്ന് പക്ഷികൾ ദൂരെക് പറന്നു മറയുന്നു . ഞാൻ എന്റെ യാത്ര തുടർന് നാഴിക കഴിഞ്ഞപ്പോൾ ഒഎസ് നില വിളി ഞാൻ പെട്ടാണ് തിരിഞ്ഞു നോക്കി ഒരു വൃദ്ധൻ ജരാനരകൾ ബാധിച്ച അവശനായി കിടക്കുന്നു മജാണ് ചുറ്റും നോക്കി ആ മനുഷ്യനെ ആരും തന്നെ ശ്രദ്ധിക്കുന്നില്ല ഞാൻ അദ്ദേഹത്തെ എഴുന്നേൽപ്പിച്ചു അദ്ദേഹത്തിന്റെ ശരീര ഭാഗത്തെ അഴുക്കുകൾ അടുത്തുള്ള പൈപ്പിൽ നിന്ന് വെള്ളം എടുത്തു കഴുകി വൃത്തിയാക്കി

ഞാൻ ചോദിച്ചു "താങ്കൾ ആരാണ് ,താങ്കളുടെ പേര് എന്താണ്?എവിടെയാണ് താമസിക്കുന്നത്?

ആ വൃദ്ധൻ ഒന്നും മിണ്ടിയില്ല "എന്റെ കൂടെ വരുന്നോ" എവിടെയാണ് എന്ന് പറഞ്ഞാൽ ഞാൻ  അവിടെ കൊണ്ട് വിടാം"

എന്റെ സംസാരം കേട്ട് തൊട്ടു എടുത്ത കടയിൽ നിന്ന ഒരു മനുഷ്യൻ പറഞ്ഞു "അയ്യോ ആ പ്രാന്തനുമായി സംസാരിച്ചു " തന്റെ സമയം പാഴാകുന്നത് എന്തിനു" അപ്പോൾ ആ കടക്കാരൻ പറഞ്ഞു ആ പാവം രാഘവനെ എന്തിനാണ് നിന്നാണ് വെറുതെ പഴിക്കുന്നത് "അയാളെ അയാളുടെ മകൻ ഉപേക്ഷിച്ചു പോയതല്ലേ" ? അവരുടെ സംസാരത്തിൽ നിന്ന് അദ്ദേഹത്തിന്റെ മക്കൾ ഉപേക്ഷിച്ചു പോയതാണ് എന്ന് എനിക്ക് മനസിലായി . ഞാൻ അദ്ദേഹത്തോട് ചോദിച്ചു "എന്നോടപ്പം വരുന്നോ,ഞാൻ എന്റെ വീട്ടിൽ  കൊണ്ടുപോകാം".അപ്പോൾ ആ പാവം വൃദ്ധൻ പറഞ്ഞു മോനെ എന്റെ മക്കൾക്ക് പോലും തോന്നാത്ത തരത്തിലുള്ള സ്നേഹവും ദയയും ആണ് നീ എന്നോട് കാട്ടുന്നത് ഇത്രയും പറഞ്ഞു ആ വൃദ്ധൻ വിതുമ്പലോടെ എന്റെ കൂടെ പോന്നു .

## മാന്യ കണ്ടും മക്കളെക്കണ്ടും കൊതിക്കരുത്


സ്വന്തം മക്കളെ ജീവനുതുല്യം സ്നേഹിച്ച ഒരമ്മയായിരുന്നു ഗീത. വളരെ കഷ്ടപ്പെട്ട് അധ്വാനിച്ച്, അച്ഛൻ ഇല്ലാത്ത ഒരുകുറവും അറിയിക്കാതെയാണ് അവർ മക്കളെ വളർത്തിയിരുന്നത് . മക്കളായ കിങ്ങിണിയും കിച്ചുവും പഠിത്തത്തിൽ ഒട്ടും പുറകിലല്ലായിരുന്നു . കിങ്ങിണിയും,കിച്ചുവും ഉയർന്ന പദവിയിൽ എത്തുമെന്നായിരുന്നു ഗീതയുടെ പ്രതീക്ഷ. മകന് ക്ലാസ്സിൽ ഉയർന്ന മാർക്ക് കിട്ടിയെന്നറിഞ്ഞ ഗീതയുടെ സന്തോഷം പറഞ്ഞറിയിക്കാൻ പറ്റാത്തതായിരുന്നു. വയലിൽ പകലന്തിയോളം പണിയെടുക്കുന്ന അമ്മയുടെ ദുഃഖങ്ങൾ എല്ലാം മാറ്റണമെന്ന് ആ മകനും ആഗ്രഹിച്ചു. കിച്ചുവിന്റെയും അമ്മയുടെയും സ്വപ്നങ്ങൾക്കും, ആഗ്രഹങ്ങൾക്കും അതിരില്ലായിരുന്നു. ആ അമ്മക്ക് മകനിൽമാത്രം വിജയം ഉണ്ടായാൽ പോരാ, മകളിലും വിജയമുണ്ടാകണമെന്നു അവളുടെ മനസ്സിൽ കരുതി. അങ്ങനെ അവൾക്കും നല്ല വിജയമുണ്ടായി.തന്റെ മക്കൾ പഠിത്തത്തിൽ മിടുക്കരാണെന്നു ആ അമ്മക്ക് മനസ്സിലായി," ദൈവം എന്റെ പ്രാർത്ഥന കേട്ടു.ഇനിയെന്റെ ദുഃഖങ്ങളെല്ലാം മാറുമെന്ന് അവൾ വിശ്വസിച്ചു.കിച്ചുവിനും കിങ്ങിണിക്കും ഉയർന്ന ജോലി കിട്ടി. അങ്ങനെ ആ അമ്മയുടെ സ്വപ്നം പൂവണിഞ്ഞു. രണ്ടുമക്കളുടെയും കല്യാണം കഴിഞ്ഞു. തന്റെ വാർദ്ധക്യകാലത്തു തന്റെ മക്കൾ തന്നെ നോക്കുമെന്നു വിശ്വസിച്ചിരുന്ന ആ അമ്മയുടെ വിശ്വാസം തെറ്റി. തന്റെ മക്കൾ വളർന്നു വലിയ ഉദ്യോഗസ്ഥരായപ്പോൾ അമ്മയെ മറന്നു എന്ന തോന്നൽ അവരുടെ മനസ്സിൽ ഉളവാക്കി. തന്റെ മക്കൾ വിദേശത്തു പോകുന്നു എന്നറിഞ്ഞ ആ അമ്മ തന്നെയും കൂടി കൊണ്ടുപോകുമെന്ന് പ്രതീക്ഷിച്ചു. ആ അമ്മയുടെ പ്രതീക്ഷക്കു നേർവിപരീതമാണ് സംഭവിച്ചതു. താൻ പകലന്തിയോളം കഷ്ടപ്പെട്ട് ജോലിചെയ്തു വളർത്തിയ മക്കൾ തന്നില്നിന്നും വേർപിരിഞ്ഞു പോകുമെന്നു തോന്നി. ആ അമ്മയെ മക്കൾ വൃദ്ധസദനത്തിൽ എത്തിച്ചു. അപ്പോഴും ആ അമ്മക്ക് തന്റെ മക്കൾ ഉയരത്തിലെത്തണമെന്നായിരുന്നു ആഗ്രഹം.

© 2006 Kent Croy



## എന്റെ തൈ

എന്റെ മണ്ണിൽ കിളിച്ചുവന്ന
ഒരു തൈയാണീ മരം
പൈതലെപോലെ വളർത്തിഞാനിതിനെ
ഒരുപാടുവർഷമായി
വളർന്നു വളർന്നു മുത്തശ്ശിയായിമാറി
ഒരുപാടു ജീവികളുടെ സാന്നിധ്യമാണ്
എന്റെ മുത്തശ്ശിമരം
എന്റെ മുത്തശ്ശിമരം



## മാഞ്ഞോരീ പൊൻവയൽ

നോക്കുവിൻ കൂട്ടരേ ഞാൻ പെറ്റുവീണൊരാ
ജീവനാം വയലൊക്കെ മണ്മറഞ്ഞു
ആരുമില്ലാശ്രയം ഭൂമിതൻ ശാപമായി
മരുന്നൊരീ പൊൻവയലെല്ലാം
ചാഞ്ചാടിയാടുമെൻ കതിര് തൻ നാമ്പിലെ
മഞ്ഞുനീർ തുള്ളികൾ എങ്ങുപോയ്
പാറിപറന്നുനടന്നൊരെൻ പറവ തൻ
വൃക്ഷത്തിൻ പൊത്തിലൊളിച്ചിരിപ്പൂ
കളിവഞ്ചിയൊഴുകുമാം പുഞ്ചവരമ്പിലെ
കൊച്ചുകൈതക്കോര എങ്ങുപോയ്
മലമുകളിൽ നിന്നുമാം എത്തിനോക്കുന്നൊരീ
ആദിത്യദേവ മറഞ്ഞുപോയി
പാടവരമ്പത്ത് ഓടിക്കളിച്ചൊരാ
പിഞ്ചുപാദങ്ങൾ മണ്മറഞ്ഞു
ഭൂമിതൻ പൂമരം പൂത്തുനിന്നൊരാ
പൂനെല്ലിൻ സൗരഭ്യം എങ്ങുപോയി ?



Sangeetha.P.
IX.C

# Quality of a child

**C- Curiosity**

**H- Humility**

**I- Integrity**

**L- Loyalty**

**D- Divinity**

## If a child lives with :

**Criticism- He learns to condemn**

**Hostility- He learns to fight**

**Fear - He learns to be apprehensive**

**Ridicule- He learns to be insulted**


**Praise - He Learns to be appreciated**



# FIRST RAIN

**One fine afternoon
Summer sun still burning the earth
Suddenly the black clouds covered the sky
The mighty sun disappeared.
It became dark as if it was evening
Wind had stated to blow
Singers of the nature had already
Started their ballad
Birds returned to their nests early
Everybody's eyes filled with expectation
It came with a lightning and thunder
The first drop,
The starting of a heavy downpour,
The tunes of the soul danced,
As the rain sang.
The fascinating scent of the earth,
Filled the environment.
Nature overwhelmed and the first
Rain filled!
The heart of the people with new
Hopes…
Was covered
once again,
With the first drop of thy precious shower,
Giving life to world !!!**


**Adithyan.G**




# MY SISTER

**She is like the flower,
That blooms throughout the year.
She is that precious gem,
I might lose, I fear.
She brought a smile on my face,
She helped me in my life's race.
She cheered me up with her beautiful song,
She always guided me in the right path,
For I believed that she can never be wrong.
She gave me courage,
She made me bold.
And I just know one thing,
That, she has a heart of gold.
She changed my attitude,
She completely changed me.
Into what Iam today,
And what I will tomorrow be.
Oh, my dear sister!
I owe you so much.
But you still keep on giving me,
Your smooth touch.
Often, when I miss you,
Falls a tear drop or two.
I feel like holding you in my arms,
And never let you go with my splendid charms.
You were, you are and
You'll always be my best friend.
Let this bond of love between we sisters,
Never end.**

**Adithyan.S**



## MATHEMATICS STANDS FOR

M- Memory
A - Attention
T - Time
H – Hard work
E - Eagerness
M - Mastery
A - Accuracy
T- Tidiness
I – Interesting
C- Calculation
S- Speed



## Ministers of our Body

Prime minister : Brain

Home minister : Lungs

Finance minister : Heart

Education minister : Head

Food & agricultural minister : Stomach

Railway minister : Nerves

Transport minister : Leg

Defence minister : Hand

Law minister : Eye

External affairs minister : Skin

# Oh! My Wish

**I wish I were a bird**
**To touch the sky**
**I wish I were a fish**
**To swim the deep blue oceans**
**I wish I were a butterfly**
**To flit from flower to flower**
**I wish I were a sunflower**
**To sway in the beaming rays**
**I wish I were a flute**
**To emit the soulful strains**
**I could fulfil my wish**
**With streaming Graces from the Lord.....!**

**Sreelakshmi.S**




# THE DAY

**Moving Moving Moving**
**Our school bus is moving**
**Shops and trees are passing**
**The days and months are passing**
**The Earth also moving.....**
**Weathers and seasons are changing**
**Exams are lightning......**
**Joys and sorrows are thundering.**
**Reaching, Reaching, Reaching**
**My bus is reaching school**
**Oh! my thoughts are busting**
**Hurry....... friends hurry....**
**Be fast to class.**


THANK YOU
BEHIND THE MIRROR



**Thank you all......**